HON'BLE MR. N. KUNJURAMAN: കൊടുത്തിട്ടില്ല. അക്കാര്യം ഗവണ്മെൻറിന്റെ ആലോചനയിലായിരിക്കുകയാണ്.

MR. K. A MATHEW: പുറമെയുള്ള കാളേജുകളിൽ പഠിക്കുന്ന ചില ഏക്സ് സർവീസുകാരിൽ നിന്നും ഫീസ് ആനുകൂല്യത്തിനു വേണ്ടിയുള്ള അപേക്ഷകൾ യൂണിവേഴ്സിറ്റി രജിസ്ട്രാരുടെ പേർക്ക് അയച്ചുകൊടുത്തിട്ട് അതിനു 2 മാസമായിട്ടും കൊടുത്തിട്ടില്ലെന്നറിയാമോ?

HON'BLE MR. N. KUNJURAMAN: അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നറിയാം. ചോദ്യത്തിന്റെ രണ്ടാമത്തെ ഭാഗത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന് അറിവൊന്നുമില്ല.

MR. K. A. MATHEW: ഗവണ്മെൻറിൽ നിന്നും അങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം നൽകാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

HON'BLE MR. N. KUNJURAMAN: സ്വീകരിക്കാം.

ന്യായവില ഡിപ്പോകൾ.

*277. MR. K. KUTTAPPAN: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

തൊഴിലില്ലായ്മ നിമിത്തം ദുരിതമനുഭവിക്കുന്ന തിരുവിതാംകൂർ നിവാസികളുടെ നന്മയെ ലാക്കാക്കി ന്യായവില ഡിപ്പോകൾ സ്ഥാപിക്കുന്നതിനു ഗവണ്മെൻറിനു മടിയുണ്ടാകുമോ?

HON'BLE MR. N. KUNJURAMAN: തീർച്ചയായും.

MR. K KUTTAPPAN: തിരുവിതാംകൂറിലെ വിടെയെങ്കിലും അങ്ങനെയുള്ള ഡിപ്പോകൾ സ്ഥാപിച്ചിട്ടുണ്ടോ?

HON'BLE MR. N. KUNJURAMAN: അമ്പലപ്പുഴ ചേർത്തല താലൂക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

നിയമനം.

*278. MR. P. C. ADICHAN: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ കാപ്പിസ്റ്റായി ഏഴാംക്ലാസ്സ് വിജയികളായ പിന്നോക്കസമുദായത്തിൽപ്പെട്ട സ്ത്രീകളെ നിയമിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly